പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

04.11. 2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.6073

**കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കാമ്പസുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കേരള ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് എത്ര ക്യാമ്പസുകളാണ് നിലവിലുള്ളതെന്നും, അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | എറണാകുളത്തെ പനങ്ങാട്, പുതുവൈപ്പിലെ ഫിഷറീസ് സ്റ്റേഷൻ, തിരുവനന്തപുരത്തെ തിരുവല്ലം എന്നിവിടങ്ങളിലായി മൂന്ന ക്യാമ്പസുകളാണുള്ളത്. |
| (ബി) | നിലവിൽ എത്ര സ്കൂളുകളാണ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നതെന്നും അവ ഏതെല്ലാം കേന്ദ്രങ്ങളിലാണെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ 7 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്.<br>1. സ്കൂൾ ഓഫ് അക്വാ കൾച്ചർ ആൻഡ് ബയോ ടെക്നോളജി<br>2. സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആൻഡ് ഹാർവെസ്റ്റ് ടെക്നോളജി.<br>3. സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്ട്സ് ആൻഡ് ടെക്നോളജി.<br>4. സ്കൂൾ ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി.<br>5. സ്കൂൾ ഓഫ് ഫിഷറി എൻവയോൺമെന്റ്<br>6. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്<br>7. സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി.<br>ആറ് സ്കൂൾ പനങ്ങാട് ക്യാമ്പസിലും ഒരു സ്കൂൾ പുതുവൈപ്പ് ക്യാമ്പസിലുമാണ്. |
| (സി) | പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് എത്ര സ്കൂളുകളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ; സ്കൂൾ പ്രവർത്തനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി ഫിഷറീസ് സ്റ്റേഷൻ ക്യാമ്പസിലാണ് വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകാത്തതിനാൽ ഇപ്പോൾ പനങ്ങാട് ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ തീരുന്ന മുറയ്ക്ക് പുതുവൈപ്പ് ക്യാമ്പസിൽ പ്രവർത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ